**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1529** **01-02-2024 - ൽ മറുപടിയ്ക്ക്**

**മാനാഞ്ചിറ-വെള്ളിമാട്ടുകുന്ന് റോഡ് വികസനവുമായി ബന്ധപ്പെട്ട പുനരധിവാസ പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മാനാഞ്ചിറ-വെള്ളിമാട്ടുകുന്ന് റോഡ് വികസനവുമായി ബന്ധപ്പെട്ട രണ്ടാംഘട്ട പുനരധിവാസ പാക്കേജ് സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | മാനാഞ്ചിറ വെള്ളിമാട്ടുകുന്ന് റോഡ് വികസനവുമായി ബന്ധപ്പെട്ട രണ്ടാംഘട്ട പുനരധിവാസ പാക്കേജ് അംഗീകാരത്തിനായി 14/09/2023 തീയതിയിൽ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാക്കേജ് പ്രകാരം എത്ര പേർക്ക് ധനസഹായം ലഭ്യമാകും എന്ന് വ്യക്തമാക്കാമോ; | (ബി) | പാക്കേജിന് പരിഗണിക്കാവുന്ന 80 പേരുടെ ലിസ്റ്റാണ് അംഗീകാരത്തിനായി ലാൻഡ് റവന്യൂ കമ്മീഷണർക്ക് നൽകിയിട്ടുള്ളത്. ആയത് അംഗീകരിച്ച് വരുന്ന മുറക്ക് മാത്രമേ ധനസഹായത്തിന് അർഹരായവരുടെ വിവരം ലഭ്യമാവുകയുള്ളൂ. |
| (സി) | ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേസുകൾ വേഗത്തിലാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) | ഹൈക്കോടതി സ്റ്റേ നിലവിലുള്ള 3 കേസുകളും ആർ.ആർ പാക്കേജിൽ ശുപാർശ ചെയ്ത് സമർപ്പിച്ച 8 കേസുകളും ഒഴികെ ബാക്കി എല്ലാ കേസുകളിലും ഭൂമി ഏറ്റെടുത്ത് PWD അധികൃതർക്ക് കൈമാറിയിട്ടുണ്ട്. ഹൈക്കോടതി കേസുകളിലും ആർ.ആർ. പാക്കേജിന് ശുപാർശ ചെയ്ത് റിപ്പോർട്ട് സമർപ്പിച്ച കേസുകളിലും നടപടി വേഗത്തിലാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ